മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഒക്ടോബർ 1

# വാർത്താക്കുറിപ്പ്

---

## ഗാന്ധിജയന്തി ദിനാഘോഷവും ലഹരി വിരുദ്ധ പ്രചാരണം ഉദ്ഘാടനവും

മഹാത്മാ ഗാന്ധി സർവകലാശലയിൽ ഗാന്ധിജയന്തി ദിനാഘോഷവും ലഹരി വിരുദ്ധ പ്രചാരണത്തിൻറെ ഉദ്ഘാടനവും ഇന്ന് (ഒക്ടോബർ 2) രാവിലെ നടക്കും. 9.15ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഗാന്ധി പ്രതിമയിൽ ഹാരാർപ്പണവും പുഷ്പാർച്ചനയും നടത്തും. സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിലെ വിദ്യാർഥികൾ ഗാന്ധി ഭജൻ അവതരിപ്പിക്കും.

9.30ന് സെനറ്റ് ഹാളിൽ നടക്കുന്ന പൊതു സമ്മേളനത്തിൽ അധ്യക്ഷത വഹിക്കുന്ന വൈസ് ചാൻസലർ ഗാന്ധിജയന്തി ദിന സന്ദേശം നൽകും. ലഹരി വിരുദ്ധ പ്രചാരണത്തിൻറെ സംസ്ഥാന തല ഉദ്ഘാടനം നിർവഹിക്കുന്ന മുഖ്യമന്ത്രി പിണറായി വിജയൻറെ പ്രസംഗം ചടങ്ങിൽ തത്സമയം പ്രദർശിപ്പിക്കും.

പ്രോ - വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാർ തുടങ്ങിയവർ പങ്കെടുക്കും.

(പി.ആർ.ഒ./39/1409/2022)

## ഡോ. എ.ടി. ദേവസ്യയ്ക്ക് അന്തിമോപചാരം അർപ്പിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയുടെ പ്രഥമ വൈസ് ചാൻസലർ ഡോ. എ.ടി. ദേവസ്യക്ക് പാലാ 12-ാം മൈലിലെ വസതിയിൽ എത്തി വൈസ് ചാൻസലർ പ്രഫ. സാബു തോമസ് അന്തിമോപചാരം അർപ്പിച്ചു. പ്രോ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാറും രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാറും അന്ത്യാഞ്ജലി അർപ്പിക്കാനെത്തിയിരുന്നു.

(പി.ആർ.ഒ./39/1410/2022)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഒക്ടോബർ 19 ന് തുടങ്ങുന്ന നാലാം സെമസ്റ്റർ ഐ.എം.സി.എ (2019 അഡ്മിഷൻ - റഗുലർ, 2018, 2017 അഡ്മിഷനുകൾ - സപ്ലിമെൻററി), ഡി.ഡി.എം.സി.എ. (2014 മുതൽ 2016 വരെ അഡ്മിഷൻ - സപ്ലിമെൻററി) പരീക്ഷകൾക്ക് പിഴ കൂടാതെ ഒക്ടോബർ 12 വരെയും പിഴയോടു കൂടി

ഒക്ടോബർ 13 നും സൂപ്പർഫൈനോടു കൂടി ഒക്ടോബർ 14 നും അപേക്ഷ നൽകാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

-----------------------------------

പത്തനംതിട്ട സ്കൂൾ ഓഫ് അപ്ലൈഡ് ലൈഫ് സയൻസസിലെ (സി.പി.എ.എസ്) രണ്ടാം സെമസ്റ്റർ എം.ഫിൽ ഫിഷെറി ബയോളജി ആൻറ് അക്വാകൾച്ചർ (2017 അഡ്മിഷൻ - റഗുലർ , 2016, 2015 അഡ്മിഷനുകൾ - സപ്ലിമെൻററി) പരീക്ഷകൾക്ക് പിഴ കൂടാതെ ഒക്ടോബർ 17 വരെയും പിഴയോടു കൂടി ഒക്ടോബർ 18 നും സൂപ്പർഫൈനോടു കൂടി ഒക്ടോബർ 19 നും അപേക്ഷ നൽകാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

-----------------------------------

ഒക്ടോബർ 26 ന് തുടങ്ങുന്ന മൂന്നാം സെമസ്റ്റർ എം.എസ്.സി മെഡിക്കൽ ബയോകെമിസ്ട്രി (2020 അഡ്മിഷൻ - റഗുലർ, 2016 മുതൽ 2019 വരെ അഡ്മിഷൻ - സപ്ലിമെൻററി) പരീക്ഷകൾക്ക് പിഴ കൂടാതെ ഒക്ടോബർ 12 വരെയും പിഴയോടു കൂടി ഒക്ടോബർ 13 നും സൂപ്പർഫൈനോടു കൂടി ഒക്ടോബർ 14 നും അപേക്ഷ നൽകാം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

-----------------------------------

നവംബർ ഒൻപതിന് തുടങ്ങുന്ന അഞ്ചാം സെമസ്റ്റർ എം.എസ്.സി മെഡിക്കൽ ബയോകെമിസ്ട്രി (2019 അഡ്മിഷൻ - റഗുലർ, 2016 മുതൽ 2018 വരെ അഡ്മിഷൻ - സപ്ലിമെൻററി) പരീക്ഷകൾക്ക് പിഴ കൂടാതെ ഒക്ടോബർ 26 വരെയും പിഴയോടു കൂടി ഒക്ടോബർ 27 നും സൂപ്പർഫൈനോടു കൂടി ഒക്ടോബർ 28 നും അപേക്ഷ നൽകാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1411/2022)

## പ്രോജക്ട് ഇവാല്യുവേഷൻ / വൈവാ വോസി; അപേക്ഷ

നാലാം സെമസ്്റ്റർ എം.സി.എ. (2020 അഡ്മിഷൻ - റഗുലർ) ബിരുദ കോഴ്സിന്റെ പ്രോജക്ട് ഇവാല്യുവേഷൻ / വൈവാ വോസി പരീക്ഷകൾക്ക് പിഴ കൂടാതെ ഒക്ടോബർ 17 വരെയും പിഴയോടു കൂടി ഒക്ടോബർ 18 നും സൂപ്പർഫൈനോടു കൂടി ഒക്ടോബർ 19 നും അപേക്ഷ നൽകാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1412/2022)

## പരീക്ഷാ ഫലം

ഈ വർഷം ജനുവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ് (2020 അഡ്മിഷൻ - റഗുലർ, 2019 അഡ്മിഷൻ - സപ്ലിമെൻററി), എം.എ. ബിസിനസ് ഇക്കണോമിക്സ് (2020 അഡ്മിഷൻ), എം.എ. ഡെവലപ്മെൻറ് ഇക്കണോമിക്സ് (2020 അഡ്മിഷൻ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 17 വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

2019 ന് മുൻപുള്ള അഡ്മിഷൻ - സപ്ലിമെൻററി പരീക്ഷാ ഫലം പിന്നീട് പ്രസിദ്ധീകരിക്കും.
--------------------------------

രണ്ടാം സെമസ്റ്റർ എം.എസ്.സി. സുവോളജി (റഗുലർ / സപ്ലിമെൻററി / ഇംപ്രൂവ്മെൻറ്) ജനുവരി 2022 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും യഥാക്രമം 390 രൂപ, 170 രൂപ നിരക്കിൽ ഫീസ് അടച്ച് ഒക്ടോബർ 17 വരെ ഓൺലൈനിൽ അപേക്ഷ നൽകാം.
--------------------------------

ജനുവരിയിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എ. ഹിന്ദി പി.ജി.സി.എസ്.എസ്. - (2020 അഡ്മിഷൻ - റഗുലർ, 2012 മുതൽ 2019 വരെ അഡ്മിഷൻ - സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 15 വരെ ഓൺലൈനിൽ അപേക്ഷ നൽകാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ

(പി.ആർ.ഒ./39/1413/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**